മാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലായിരിക്കാം. ഏതായാലും ഇത്രയധികം രതാഴിലാളികളെ ഭയത്തോടുകൂടിയാണ് അതിന്റെ അധഃപതനത്തെ നോക്കിക്കാണുന്നത്. അതുകൊണ്ട് ഈ കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിച്ച് ആ സ്ഥാപനം കൂടുതൽ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിനുവേണ്ട നടപടികളെ സ്വീകരിക്കണം.

വ്യവസായവകുപ്പു മന്ത്രി (ശ്രീ. ഇ. അഹമ്മദ്): ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച കോട്ടയം മില്ലിന് ഈ ഗവൺമെന്റ് വന്നതിനുശേഷം 141 ലക്ഷം രൂപ ചെലവഴിച്ചതാണ്. ഇന്ന് അദ്ദേഹം പറയുന്ന യാതൊരു പ്രശ്നവും ആ മില്ലിനെ സംബന്ധിച്ചിടത്തോളമില്ല. മാത്രവുമല്ല, കേരളാസ്റ്റേറ്റ് ടെക്സ്റ്റയിൽ കോർപ്പറേഷൻ ആ മില്ലിന്റെ പ്രവർത്തനവുമായി മുന്നോട്ടുപോകുകയും ചെയ്യുന്നു.

(4) ആറന്മുള നിയോജകമണ്ഡലത്തിലെ എം. എൽ. എ. റോഡുകൾ

ശ്രീ. പി. വിജയദാസ്: സർ, എന്റെ നിയോജകമണ്ഡലത്തിലെ എം. എൽ. എ. റോഡുകളുടെ സ്ഥിതിയാണ് ഞാൻ സൂചിപ്പിക്കുന്നത്. എന്നോട് ക്രൂരമായി പെരുമാറരുതെന്ന് ബഹുമാന്യനായ ഡെപ്യൂട്ടി ചീഫ് മിനിസ്റ്ററോട് എനിക്ക് ഒരു അഭ്യർത്ഥനയുണ്ട്. തിനവിള—വിളയൻമൂല റോഡും പട്ടംതാണുപിള്ള റോഡും ആണ് എഴുതിക്കൊടുത്തിട്ടുള്ളത്. അതിലൊരെണ്ണം 16 ലക്ഷം രൂപയും മറെറാരെണ്ണം 22 ലക്ഷം രൂപയും മൊത്തം ചെലവു വരുന്നതാണ്. അടിയന്തിരമായി ആ എം. എൽ. എ. റോഡുകളുടെ പണി ആരംഭിക്കുന്നതിന് ഡെപ്യൂട്ടി മുഖ്യമന്ത്രി നടപടി സ്വീകരിക്കണമെന്നു അഭ്യർത്ഥിക്കുന്നു.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ): സർ, വിളയൻമൂല—തിനവിള റോഡ് ഗവൺമെന്റ് ഏറെറടുത്തു ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കിവരികയാണ്. എസ്റ്റിമേറ്റ് കിട്ടിക്കഴിഞ്ഞാൽ ഉടൻ അനുമതി നൽകാം. മറെറ റോഡ് ആദ്യം പുതുക്കരി തെക്കേഅരയൻതുരുത്തു റോഡ് പ്രപ്പോസ് ചെയ്തു. അതിന് സ്ഥലം കിട്ടാത്തതുകൊണ്ട് പട്ടംതാണുപിള്ള റോഡായി രണ്ടാമതു മാറ്റി. അതും സാങ്കേതികമായ കാരണങ്ങളാൽ ഗവൺമെന്റ് തള്ളിക്കളഞ്ഞിരിക്കുകയാണ്. മറെറ റോഡ് പ്രപ്പോസ് ചെയ്തു കഴിഞ്ഞതിട്ടില്ല.

(5) നിലമ്പൂർ ട്രാൻസ്പോർട്ട് സബ് ഡിപ്പോയുടെ പണി

ശ്രീ. ടി. കെ. ഹംസ: സർ, നിലമ്പൂർ നിയോജകമണ്ഡലത്തിൽ ഒരു ട്രാൻസ്പോർട്ട് സബ് ഡിപ്പോ സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം ജനങ്ങൾ പണം പിരിച്ചെടുത്തു വാങ്ങിച്ചു ഗവൺമെന്റിനെ ഏൽപ്പിക്കുകയും 6 കൊല്ലം മുമ്പ് തറക്കല്ല് ഇടീൽ കർമ്മം നിർവ്വഹിക്കുകയും ചെയ്തിട്ടുള്ളതാണ്. ആ സബ് ഡിപ്പോ സ്ഥാപിച്ചു പ്രവർത്തനയോഗ്യമാക്കാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് ദയവുണ്ടാകണമെന്നഭ്യർത്ഥിക്കുന്നു.

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. പി. കെ. വേലായുധൻ): സർ, 6-8-1985-ലാണ് 3 ഏക്കർ സ്ഥലം കെ. എസ്. ആർ. ടി. സി.യുടെ പെകവശം ഏൽപ്പിക്കുകയുണ്ടായത്. ബസ് സ്റ്റേഷൻ നിർമ്മാണ പ്രവർത്തനത്തിന് നാട്ടുകാരുടെ ഒരു കമ്മിറ്റി രൂപീകരിച്ചു. അതിനാവശ്യമായ ഗാരേജും മറ്റു കെട്ടിടങ്ങളും കമ്മിറ്റിയുടെ ചെലവിൽ പണി തീർത്തുതരാമെന്ന ഒരു ഓഫർ ഉണ്ടായിരുന്നു. അതനുസരിച്ച് ആ കമ്മിറ്റിയുടെ

LIBRARY ARCHIVES Kerala Legislative Assembly

സെക്രട്ടറിക്ക് അവയുടെ പണിക്കാവശ്യമായ ഡിക്സെൻ അയച്ചുകൊടുക്കുകയും ചെയ്തു. പിന്നീട് ആ കമ്മിറ്റിയുടെ യാതൊരു വിവരവുമില്ല. മെമ്പർക്ക് ഇതിനെക്കുറിച്ച് എന്തെങ്കിലും അറിയാമെങ്കിൽ ഒന്നു അറിയിച്ചാൽ നമുക്ക് ബാക്കി എന്തു ചെയ്യാമെന്നു ആലോചിക്കാവുന്നതാണ്.

(6) കാണിപ്പറ ഭൂമിയിൽ താമസിക്കുന്നവർക്ക് പട്ടയം

ശ്രീ. എസ്. ആർ. തങ്കരാജ്: സർ, ബഹുമാനപ്പെട്ട റവന്യൂമന്ത്രിയുടെ ശ്രദ്ധയ്ക്കാണ് എന്റെ ഈ സബ്മിഷൻ. നെയ്യാർഡാം അഞ്ചു ചങ്ങല കാണിപ്പറ്റു ഭൂമി പതിച്ചുകൊടുക്കുന്നതിനെ സംബന്ധിച്ചാണ് സബ്മിഷൻ. ഏതാണ്ട് 25 വർഷക്കാലമായി 2,500—ളം കർഷകകുടുംബങ്ങളുടെ ആവശ്യമാണിത്. രണ്ടു സെന്റുമുതൽ 5 ഏക്കർ വരെ കൃഷിയുള്ള കൈവശക്കാർ അവിടെയുണ്ട്. മണിയങ്ങാടൻ കമ്മീഷൻ റിപ്പോർട്ടനുസരിച്ചു കാലാവധിയില്ലാത്ത കുത്തകപ്പാട്ടം ലഭിച്ചതാണ്. മണ്ണാലിപ്പു തടയണമെന്നു ആ കമ്മിറ്റി റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. ആ റിപ്പോർട്ടനുസരിച്ചു ഭൂമിയുടെ സ്ഥിരാവകാശം നൽകണമെന്നു നിർദ്ദേശിച്ചിട്ടുണ്ട്. അതിനുശേഷം 1982—ൽ ഈ ഗവൺമെന്റിന്റെ തന്നെ റവന്യൂ ഇറിഗേഷൻ സെക്രട്ടറിമാർ സ്ഥലത്തുപോയി അതിനെക്കുറിച്ചു അന്വേഷണം നടത്തുകയും മണ്ണാലിപ്പ് തടയുന്ന ആളുകൾക്ക് പട്ടയം കൊടുക്കേണ്ടതാണെന്നു റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. 1984 നവംബർ 16—ാം തീയതി ഇതു മുഖ്യമന്ത്രിയുടെ പരിഗണനയ്ക്ക് പോയതിനുശേഷം നാളിതുവരെ അതെന്തായി എന്ന് ആർക്കും അറിഞ്ഞുകൂടാ. ദയവു ചെയ്ത് ബഹുമാനപ്പെട്ട മന്ത്രി ഇതിനുവേണ്ട നടപടികളെടുത്ത് ആ സാധുക്കളായ കർഷകർക്ക് ആശ്വാസം കിട്ടത്തക്കതരത്തിൽ പട്ടയം കൊടുക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവകുപ്പു മന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, ഇതു സംബന്ധിച്ച് ഒരു റിപ്പോർട്ട് ഗവൺമെന്റിനു കിട്ടിയിട്ടുണ്ട്. ജില്ലാ കളക്ടറും ഇറിഗേഷൻ റവന്യൂ സെക്രട്ടറിമാരുമെല്ലാം ചേർന്നു സമർപ്പിച്ച റിപ്പോർട്ടാണ്. അതിൽ ചില പ്രായോഗിക പ്രശ്നങ്ങളുണ്ട്. മുഖ്യമന്ത്രിയുടേയും ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകളുടേയും റവന്യൂ—ഇറിഗേഷൻ മന്ത്രിമാരുടേയും ഒരു സംയുക്ത യോഗം ഇതിനുവേണ്ടി വിളിച്ചിരിക്കുകയാണ്. ഇത് ഗവൺമെന്റിന്റെ പരിഗണനയിൽ ഇരിക്കുന്നു. ഏറ്റവുംവേഗം തീരുമാനമെടുക്കാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു.

(7) മാവേലിക്കര കുറത്തികാട് ആശുപത്രി കെട്ടിടത്തിന്റെ ശോച്യാവസ്ഥ

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട കുറത്തികാട് പ്രാഥമികാരോഗ്യകേന്ദ്രം പണി കഴിപ്പിച്ചിട്ട് 35 വർഷമായി. ആ കെട്ടിടം നാട്ടുകാർ പണി കഴിപ്പിച്ചു കൊടുത്തതാണ്. അതിനുശേഷം ഇതുവരെ 5 പൈസ ചെലവാക്കി അതിൽ യാതൊരു സംരക്ഷണപ്പണികളും നടത്താത്തതിന്റെ ഫലമായി മഴ പെയ്തുകഴിഞ്ഞാൽ ഒരു തുള്ളി വെള്ളംപോലും വെളിയിൽ പോകാറില്ല അതുമുഴുവൻ അതിനകത്തു കെട്ടിനിൽക്കുകയാണ്. അതൊന്നു അറ്റകുറ്റപ്പണി നടത്തണമെന്നുള്ളത് ഏറ്റവും പ്രധാനപ്പെട്ട ആവശ്യമാണ്. ഈയടുത്ത ദിവസം അവിടെ ഒരു സംഘർഷമുണ്ടായി. അവിടെ നാട്ടുകാർതന്നെ പണി കഴിപ്പിച്ചുകൊടുത്ത ഒരു പ്രസവവാർഡുണ്ട്. ഒരു സ്ത്രീ അവിടെവെച്ചു പ്രസവിച്ചു

LIBRARY ARCHIVES Kerala Legislative Assembly